**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2004** **21-06-2024 - ൽ മറുപടിയ്ക്ക്**

**മങ്കട നിയോജകമണ്ഡലത്തിലെ നവകേരള സദസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സിൽ ആകെ എത്ര അപേക്ഷകൾ, പരാതികൾ ലഭിച്ചിട്ടുണ്ട്; ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ, പരാതികൾ ലഭിച്ചിട്ടുണ്ട് എന്ന കണക്കുകൾ ലഭ്യമാക്കുമോ; പ്രസ്തുത അപേക്ഷകൾ/പരാതികൾ എത്ര എണ്ണം പരിഹരിച്ചിട്ടുണ്ടെന്നും പരിഹരിയ്ക്കാൻ ബാക്കിയുള്ളത് എത്രയെന്നും വകുപ്പ് തിരിച്ച് അറിയിക്കാമോ; | (എ) | 6,43,104 അപേക്ഷകളിൽ 5,42,801 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. മറ്റുള്ളവയിൽ നടപടി സ്വീകരിച്ചു വരുന്നു. ചില പരാതികൾ ഒന്നിലധികം വകുപ്പുമായി ബന്ധപ്പെട്ടവയാണ്. ഇവ അതത് വകുപ്പുകൾക്ക് നടപടികൾക്കായി പ്രത്യേകം പ്രത്യേകം നൽകുമ്പോൾ നടപടിയെടുക്കേണ്ട വിഷയങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ട്. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പു കൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുസ്വഭാവമുള്ള പരാതികൾ തരംതിരിച്ച് അതിൽ പൊതുതീരുമാനം കൈക്കൊള്ളുന്നതാണ്. നിലവിലുള്ള ചട്ടങ്ങളിലോ, ഉത്തരവുകളിലോ മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ അക്കാര്യവും പരിഗണിക്കുന്നതാണ്.<br><br>മങ്കട നിയോജകമണ്ഡലത്തിൽ നിന്നും 4172 പരാതികൾ ലഭിച്ചിട്ടുണ്ട്. 3452 പരാതികൾ പരിഹരിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടില്ല |
| (ബി) | മങ്കട നിയോജകമണ്ഡലത്തിൽ നടന്ന നവകേരള സദസ്സിൽ ആകെ എത്ര അപേക്ഷകൾ, പരാതികൾ ലഭിച്ചിട്ടുണ്ട്; ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ, പരാതികൾ ലഭിച്ചിട്ടുണ്ട് എന്ന കണക്കുകൾ ലഭ്യമാക്കുമോ; പ്രസ്തുത അപേക്ഷകൾ, പരാതികൾ എത്ര എണ്ണം പരിഹരിച്ചിട്ടുണ്ടെന്നും, പരിഹരിയ്ക്കാൻ ബാക്കിയുള്ളത് എത്രയെന്നും വകുപ്പ് തിരിച്ച് അറിയിക്കാമോ; | (ബി) | 6,43,104 അപേക്ഷകളിൽ 5,42,801 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. മറ്റുള്ളവയിൽ നടപടി സ്വീകരിച്ചു വരുന്നു. ചില പരാതികൾ ഒന്നിലധികം വകുപ്പുമായി ബന്ധപ്പെട്ടവയാണ്. ഇവ അതത് വകുപ്പുകൾക്ക് നടപടികൾക്കായി പ്രത്യേകം പ്രത്യേകം നൽകുമ്പോൾ നടപടിയെടുക്കേണ്ട വിഷയങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ട്. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പു കൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുസ്വഭാവമുള്ള പരാതികൾ |

| | | | |
|---|---|---|---|
| | | | തരംതിരിച്ച് അതിൽ പൊതുതീരുമാനം കൈക്കൊള്ളുന്നതാണ്. നിലവിലുള്ള ചട്ടങ്ങളിലോ, ഉത്തരവുകളിലോ മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ അക്കാര്യവും പരിഗണിക്കുന്നതാണ്.<br><br>മങ്കട നിയോജകമണ്ഡലത്തിൽ നിന്നും 4172 പരാതികൾ ലഭിച്ചിട്ടുണ്ട്. 3452 പരാതികൾ പരിഹരിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടില്ല |
| (സി) | നവകേരള സദസ്സിൽ സമർപ്പിയ്ക്കപ്പെടുന്ന പരാതികൾ, അപേക്ഷകൾ എത്ര ദിവസത്തിനകം തീർപ്പാക്കുമെന്നാണ് അറിയിച്ചിരുന്നത്; സമയപരിധി കഴിഞ്ഞിട്ടും പല പരാതികളിലും അപേക്ഷകളിലും തീരുമാനം കൈക്കൊള്ളാൻ കഴിയാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ? | (സി) | ജില്ലാതല ഉദ്യോഗസ്ഥർ പപരിശോധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ അന്തിമ തീരുമാനം കൈക്കൊള്ളണമെന്നും നിവേദകർക്ക് വിശദമായ മറുപടി നൽകി വിവരം ഓൺലൈൻ പോർട്ടലിൽ അപ് ലോഡ് ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടുതൽ നടപടിക്രമങ്ങളും കൂടുതൽ സമയവും ആവശ്യമുള്ള പരാതികൾ പരമാവധി 4 ആഴ്ചയ്ക്കകം തീർപ്പാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.<br><br>നിവേദനങ്ങൾ പലതും പൊതുസ്വഭാവം ഉള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങൾ എടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ കൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം നിവേദനങ്ങളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമായിവരും. ഇതിനു പുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ അപേക്ഷകളിൽ അവ ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനം എടുക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ